# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/1275/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P6/1275/21 തീയ്യതി: 05/04/2022

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധു. റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ് വി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈല സലീംലാൽ | പ്രസിഡന്റ് | 01-04-2020 | 15-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2020 | 29-12-2020 |
| ശ്രീ. ബിനോജ് ആർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സലീൽ എവുജിൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രശാന്തി എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ബു സെയ്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.ദിവ്യ ശശി | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ.കെ.ജി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 23-02-2021 |
| ഡോ. മൃദുല എൻ മോഹൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-02-2021 | 31-03-2021 |
| ശ്രീമതി.ആനിയമ്മ.എം | ഹെഡ്മിസ്ട്രസ് | 01-04-2020 | 16-06-2020 |
| ശ്രീ. ബിന്ദു | ഹെഡ്മാസ്റ്റർ | 17-06-2020 | 31-03-2021 |
| ശ്രീമതി.ശശികല.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020<br>28-02-2021 | 23-12-2020<br>31-03-2021 |
| ശ്രീ.സുധീഷ് കുമാർ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 24-12-2020 | 27-02-2021 |
| ഡോ. പ്രസന്നകുമാർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്നേഹ.എസ്.മോഹൻ | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ബിനീഷ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ. സുഭാഷ്. എസ് | വി.ഇ.ഒ. | 01-04-2020 | 12-08-2020 |
| ശ്രീ. പ്രദീപ് | വി.ഇ.ഒ. | 13-08-2020 | 05-10-2020 |
| ശ്രീ.ശ്രീജിത്ത് | വി.ഇ.ഒ. | 06-10-2020 | 31-03-2021 |
| ശ്രീമതി ശശികല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Santhosh N (Computer Assistant, On 17-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Rajina A.S (Auditor, On 12-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajina A.S (Auditor, On 04-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajina A.S (Auditor, On 12-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: Rajina A.S (Auditor, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-4.1 |
| 7 | പദ്ധതി അവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-01-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 04-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 04-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | 1-10 |
| 13 | തെരുവ് വിളക്കുകളുടെ പരിപാലനം - സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Pradeep Kumar P (Audit Officer (HG), On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-11 |
| 14 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 31-01-2022) | 1-12 |
| 15 | ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 31-01-2022) | 1-13 |
| 16 | മാർഗ്ഗരേഖകൾ ലംഘിച്ച് കൊയ്ത്ത് മെതിയന്ത്രം വാങ്ങി- തുക തടസ്സപ്പെടുത്തുന്നു<br>Written By: T.Sindhu (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-14 |
| 17 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: T.Sindhu (Asst. Audit Officer, On 14-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 1-15 |

| | | |
|---|---|---|
| 18 | മത്സ്യകൃഷി - പദ്ധതി നടത്തിപ്പ് - നടപടിക്രമങ്ങളിൽ വ്യക്തതയില്ല.<br>Written By: T.Sindhu (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-01-2022) | 1-16 |
| 19 | പശ്ചിമഘട്ട വികസന പദ്ധതി- ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.<br>Written By: T.Sindhu (Asst. Audit Officer, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 1-17 |
| 20 | ഡീസൽ ജനറേറ്റർ പർച്ചെയ്സ് ചെയ്തതിലെ അപാകത<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-18 |
| 21 | പാലിന് സബ്സിഡി - രേഖകളുടെ അഭാവത്തിൽ 416792/- രൂപയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 1-19 |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -150000/-രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖ ഹാജരാക്കണം<br>Written By: Pradeep Kumar P (Audit Officer (HG), On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 1-20 |
| 23 | കുടുംബാരോഗ്യ കേന്ദ്രം സബ് സെന്ററുകൾക്കും, അംഗനവാടികൾക്കും കുഴൽ കിണർ നിർമ്മാണം: ഭൂഗർഭജല വകുപ്പിന് ഒടുക്കു വരുത്തിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-21 |
| 24 | ലഭ്യമാക്കാനായി നിർണയിച്ച ഭൂമി സംബന്ധിച്ച വ്യക്തതയില്ലാതെ നിർമാണപ്രവർത്തനങ്ങൾ നടത്തി-<br>Written By: A.Sasijosh (Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 1-22 |
| 25 | ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ - അളവ് കണക്കാക്കിയതിലെ പിഴവുകൾ മൂലം അധികമായി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-03-2022) | 1-23 |
| 26 | മുട്ടറ മരുതിമല എക്കോ ടൂറിസം പദ്ധതി ഫലപ്രാപ്തി കൈവരിച്ചിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 1-24 |
| | **ഭാഗം 2** | |
| 1 | ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.<br>Written By: Naseer S (Computer Assistant, On 31-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ഡീസൽ ജനറേറ്റർ വാങ്ങിയതിലെ അപാകത<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 3-1 |
| 2 | ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ - അളവ് കണക്കാക്കിയതിലെ പിഴവുകൾ മൂലം അധികമായി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 08-09-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 23-03-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: T.Sindhu (Asst. Audit Officer, On 10-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Rajina A.S (Auditor, On 08-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്.<br>Written By: T.Sindhu (Asst. Audit Officer, On 16-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Rajina A.S (Auditor, On 08-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 09-09-2021)<br>Last Updated By: Rajina A.S (Auditor, On 09-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Rajina A.S (Auditor, On 08-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 05-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-03-2022) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധം 3 |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

25-03-2020 തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17-02-2021 തീയതിയിലെ I(1) -ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 24-06-2021 | - | - |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

1. എസ് ബി ടി ഓടനാവട്ടം ഈ പെയ്മെന്റ് RP(40b) പ്രകാരം നീക്കിയിരുപ്പ് തുക 4,142,23/-രൂപയാണ് ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക 4,104 ,93/-രൂപയാണ് ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ ബോധ്യപ്പെട്ടിട്ടില്ല.

2. പ്രൊഫഷണൽ ടാക്സ് എംപ്ലോയീസ് രജിസ്റ്റർ പ്രകാരം ഡിമാൻഡ് കളക്ഷൻ തുകകൾ 12,241,60/-രൂപയാണ്. എന്നാൽ എ.എഫ്.എസ് ഡിമാൻഡ് തുകയായി 12,423,50/- രൂപയും കളക്ഷൻ 12,056,30/- രൂപയുമാണ്. വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല.

3. Secured Loan From KURDFC (B5 ബാലൻസ്ഷീറ്റ്) ഒടുക്കാൻ അവശേഷിക്കുന്ന തുക 28,920,369/- എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ഒടുക്കാൻ അവശേഷിക്കുന്ന തുകയിൽ ഉൾപ്പെട്ടിട്ടുള്ളത് 29,182,476 /-രൂപയാണ്. വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല.

4. ഷോപ്പിങ് കോംപ്ലക്സ് ലോൺ തിരിച്ചടവ് രജിസ്റ്റർ പ്രകാരമുള്ള ആകെ ചെലവ് (മുതൽ +പലിശ) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവായി ഉൾപ്പെട്ടിട്ടില്ല .

5. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് പ്രകാരമുള്ള തുക 31,64,427/- രൂപ, രജിസ്റ്റർ പ്രകാരമുള്ള തുക 47,12,655/- രൂപ . തുകകൾ പൊരുത്തപ്പെടുന്നില്ല.

6. ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള B-12 1000/- രൂപ ഇൻവെസ്റ്റ്മെന്റ് ഇക്വിറ്റി ഷെയേഴ്സ് അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ബാലൻസ്ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് തുകകളായ ചുവടെ ചേർക്കുന്നവയുടെ നിലവിലെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Deposit With Kerala Water Authority - 15,10,135/-

Deposit With PWD - 12,000/-

Advance To Implimenting Officers - 1,26,063/-

Electricity Deposits - 8000/-

Other Deposits - 2845/-

9. എസ്.ബി.ടി Literacy Grant നീക്കിയിരുപ്പ് തുക 18,350/- രൂപ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ അക്കൗണ്ട് മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ട്രഷറി ജോയിന്റ് വെഞ്ചർ

അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കപ്രകാരം | ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് പ്രകാരം |
|---|---|
| OB- 22,60,127/- | 0 |
| CB - 2,50,127/- | 0 |

11. മാർക്കറ്റ് ലേലം കളക്ഷൻ എ.എഫ്.എസ് പ്രകാരം 5,78,000/- രൂപയാണ്. രജിസ്റ്റർ പ്രകാരം 6,53,360/- രൂപയാണ്.

12. വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13. റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇൻസ്ട്രുമെന്റ് നമ്പർ 090430/08.02.18, 1250/- രൂപ, 2019-20 വർഷവും 2020- 21 വർഷവും ക്രെഡിറ്റ് ചെയ്യപ്പെട്ടതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

14. മാട്ടിറച്ചി വ്യാപാര ലേലയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 1,39,000/- രൂപ, ബാലൻസ് ഷീറ്റ് B-15 -ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17654903/- രൂപ |
| വരവ് | 114369430/- രൂപ |
| ആകെ | 132024333/- രൂപ |
| ചെലവ് | 118989431/- രൂപ |
| നീക്കിയിരിപ്പ് | 13426807/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 35000/- രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 15475/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5230942/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21687606/- | 21687606/- | 19613177/- | 2,074,429 | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14,644,125/- | 14,644,125/- | 13355490/- | 1,288,635/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 156000/- | 156000/- | 0 | 156000/- | - |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (Tied) | 0 | 7940000/- | 7940000/- | 2033955/- | 5906045/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied) | 0 | 13503726/- | 113503726/- | 12293044/- | 1210682/- | - |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12783000/- | 12783000/- | 12703578/- | 79422/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5699763/- | 5699763/- | 5699763/- | 0 | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണശുചിത്വം | 17,12,889/- | 54,004 | 17,66,893/- | 0 | 17,66,893/- | |
| ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ | 5000,000/- | 87,02,67/- | 5,870,267/- | 22,84,726/- | 35,85,541/- | - |
| ലൈബ്രറി ഗ്രാന്റ് | 0 | 14710/- | 14710/- | 11658/- | 3052/- | - |
| Grant From Other Agencies | 5550/- | 19,20,000 | 19,25,550/- | 0 | 19,25,550/- | - |
| സംസ്ഥാനാവിഷ്കൃതം | 824495/- | 0 | 824495/- | 7,62,413/- | 62,082/- | - |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1405691/- | 967513/- | 23,73,204/- | 5,00,000/- | 18,73,204/- | - |
| MNREGS | 128446 | 1738414 | 1866860 | 1831347/- | 35513/- | - |
| ശുചിത്വമിഷൻ | 6,51,240/- | 33,01,357/- | 39,52,597/- | 7,29,025/- | 32,23,572/- | |
| സാക്ഷരത | 56,600/- | 0 | 56,600/- | 0 | 56,600/- | - |

### 1-4.1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നീ ഫണ്ടുകളുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിവിധ സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ടുകളുടെ ഇനം തിരിച്ചുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 208627725/- | 185 | 89129376/- | 64 | 5 | 73 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ്(രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 128446/- | 1738414/- | 1866860/- | 1831347/- | 35513/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 61899456/- | 61899456/- | 61899456/- | 0 |
| ആകെ | 128446/- | 63637870/- | 63766316/- | 63730803/- | 35513/- |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 74160/- |
| കർഷകതൊഴിലാളി പെൻഷൻ | 2203000/- |
| വിധവാപെൻഷൻ | 23637500/- |
| വാർദ്ധക്യകാലപെൻഷൻ | 35075900/- |
| വികലാംഗപെൻഷൻ | 7176000/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 809500/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 630000/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-6-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,653/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വൗച്ചറുകൾ കൃത്യമായി ഫയൽ ചെയ്തു സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളും, വിതരണം നടത്തിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിത്തുക നിക്ഷേപിച്ച ശേഷമുള്ള തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതായിട്ടുണ്ട്.

തെരുവു വിളക്കിന്റെ പരിപാലനംപോലുള്ള പദ്ധതി നിർവ്വഹണം സംബന്ധമായ നടപടിക്രമങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെന്റർ നടപടികൾ കാര്യക്ഷമമാണെങ്കിലും, ഗുണനിലവാരം കൂടി മോണിറ്റർ ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-03-2021 | 04/2020 മുതൽ 12/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-08-2018 | 2013-14 മുതൽ 2017-18 വരെ | 05.11.2018 |

1-11 തെരുവ് വിളക്കുകളുടെ പരിപാലനം - സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ - 36/ 21

നിർവ്വഹണാധികാരി : സെക്രട്ടറി.

അടങ്കൽ തുക - 900000/- ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 628328/- (ബിൽ നമ്പരുകൾ: 47/14.12.20. 66250/- രൂപ, 64/9.2.21. 153118/-രൂപ, 75/24.3.21. 111040/-രൂപ, 45/26.11.20. 146775/-രൂപ, 48/28.12.20. 57475/-രൂപ, 62/9.2.21. 93670/-രൂപ)

പദ്ധതി ഫയൽ പരിശോധിച്ചതിൽ 330408/- രൂപ തെരുവ് വിളക്ക് പരിപാലനത്തിന് ആവശ്യമായ സാമഗ്രികൾ വാങ്ങിയതിനും 297920/- രൂപ തൊഴിൽ കൂലി ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതിപോസ്റ്റുകളിൽ റിപ്പയറിങ് നടത്തുന്നതിനായി കരാർ എടുത്തിരുന്നത് ശ്രീ.വിഷ്ണു.വി. ധന്യ ഭവൻ, അട്ടുതല, കല്ലുവാതുക്കൽ എന്ന വ്യക്തിയാണ്. പോസ്റ്റ് ഒന്നിന് 95/- രൂപ നിരക്കിൽ 3136 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 297920/- രൂപ നൽകിയിട്ടുണ്ട്.

കരാറുകാരനിൽനിന്ന് 200/-രൂപായുടെ മുദ്രപത്രം വാങ്ങിസൂക്ഷിച്ചതിനപ്പുറമായി ചട്ടപ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തി കരാറിലേർപ്പെട്ടിട്ടില്ല. അതാത് വാർഡ് മെമ്പർമാർ തങ്ങളുടെ ലെറ്റർപാഡിൽ നൽകിയിട്ടുള്ള സാക്ഷ്യപത്രങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് നൽകാനുള്ള തുക കണക്കാക്കിയിരിക്കുന്നതെന്ന് കാണുന്നു. റിപ്പയർ ചെയ്ത ലൈറ്റുകളുടെ എണ്ണം മാത്രമാണ് സാക്ഷ്യപത്രങ്ങളിലുള്ളത്. ഒരു പോസ്റ്റിലെ വിളക്ക് ഒന്നിൽക്കൂടുതൽ തവണ റിപ്പയർ നടത്തിയതായി ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാക്ഷ്യപത്രങ്ങളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചും, ബന്ധപ്പെട്ട രേഖകളിൽ സുതാര്യത നിലനിർത്തിയുംമാത്രം പദ്ധതി നടപ്പിലാക്കുന്നതിന് അധികാരികൾ ശ്രദ്ധപുലർത്തേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നാൽ പഞ്ചായത്തിലെ 5 ക്ഷീര സൊസൈറ്റികളിൽ നിന്ന് (വെളിയം സൊസൈറ്റി, വെളിയം പടിഞ്ഞാറ്റിൻകര ക്ഷീര സൊസൈറ്റി, ചെപ്ര ക്ഷീര സൊസൈറ്റി, മുട്ടറ ക്ഷീര സൊസൈറ്റി, മാരൂർ ക്ഷീര സൊസൈറ്റി) രണ്ട് അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. അതുപോലെ തന്നെ യോഗക്ഷേമം ഹോസ്പിറ്റലിലെ ഡോക്ടറുടെ തൊഴിൽ നികുതിയും ഒടുക്കുവരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം . 3/06.09.2 021

1-13 ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

വെളിയം ജംഗ്ഷനിൽ സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് 19.02.2021-ൽ നടത്തിയ ലേലത്തിൽ നവാസ്, നവാസ് മൻസ്സിൽ, മുട്ടയ്ക്കാവ് 4,30,000/-രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകി. പഞ്ചായത്തിന്റെ ലേല വ്യവസ്ഥയിലെ ക്രമനമ്പർ 4 പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ മുഴുവൻ ലേലതുകയും അപ്പോൾതന്നെ ഒടുക്കേണ്ടതാണ്. എന്നാൽ 19.02.2021 ൽ രസീത് നമ്പർ 120010103895 പ്രകാരം 2,91,000/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. ബാലൻസ് തുകയായ 1,39,000/- രൂപ അടവാക്കിയിട്ടില്ല. കൂടാതെ മേൽ കുടിശ്ശിക തുക 2020-21 സാമ്പത്തിക വർഷത്തിലെ വാർഷികധനകാര്യ പത്രികയിലെ കുടിശ്ശിക ഡിമാൻഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ലേലവ്യവസ്ഥ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയായ 35000/-രൂപ നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ വരവ് നഷ്ടമായി കണക്കാക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാൻ 10.09.2021 ൽ 121010101148 നമ്പർ രസീത് പ്രകാരം 1,04,000/- രൂപ അടച്ചിട്ടുള്ളതും ബാലൻസ് തുകയായ 35000/- രൂപ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഡിമാൻഡിലുൾപ്പെടാത്ത ലേല കുടിശ്ശികത്തുക 35000/- രൂപ വരവ് നഷ്ടമായി കണക്കാക്കി ലേലത്തുക പിരിച്ചെടുക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 8 /13.09.2021
വരവ് നഷ്ടം – 3 5000/- രൂപ

1-14 മാർഗ്ഗരേഖകൾ ലംഘിച്ച് കൊയ്ത്ത് മെതിയന്ത്രം വാങ്ങി- തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവഹണം നടത്തിയ കൊയ്ത്തുമെതിയന്ത്രം വാങ്ങുന്ന പദ്ധതിയ്ക്കായി (നം.51/21) ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ സംയുക്തമായി 10 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ വകയിരുത്തിയാണ് അടങ്കൽ തുക നിശ്ചയിച്ചിരുന്നത്. ഇ ടെണ്ടർ നടപടികളിലൂടെ RAIDCO യിൽ നിന്ന് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിന് 29,81,000/-രൂപ നൽകിയിരുന്നു. 15.07.2021 ൽ കൊയ്ത്തുമെതിയന്ത്രം പഞ്ചായത്തിൽ ലഭ്യമാക്കിയെങ്കിലും സമിതിയ്ക്കോ സ്ഥാപനത്തിനോ കൈമാറിയിട്ടില്ല.

14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ) 22/18/തസ്വഭവ, ഖണ്ഡിക 6.1.8-ൽ കാർഷിക യന്ത്രോപകരണങ്ങൾ നൽകുന്നതിന്റെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കൊയ്ത്തുമെതിയന്ത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാനെന്ന വ്യവസ്ഥ പാലിച്ചതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. പുതിയതായി രൂപീകരിക്കുന്ന കർമ്മസേനകൾക്ക് 3 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷത്തിന് മുകളിൽ ശരാശരി വാർഷിക ടേണോവർ ഉള്ളതും, ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 40 ലക്ഷം രൂപയുടെ യന്ത്രങ്ങൾ പ്രാദേശിക സാദ്ധ്യതകളുടെയും നൂതന കാർഷിക രീതികൾ പ്രാവർത്തികമാക്കുന്നതിന്റെയും അടിസ്ഥാനത്തിൽ നൽകാവുന്നതാണെന്ന വ്യവസ്ഥ പാലിക്കുകയോ ഇത്തരം സമിതി നിലവിലുള്ളതായോ പ്രവർത്തിക്കുന്നതായോയുള്ള രേഖകളൊന്നും തന്നെ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പണത്തിൽ നിന്ന് 29,81,000/-രൂപ ചെലവഴിച്ച് വാങ്ങിയ

യന്ത്രത്തിന്റെ സംരക്ഷണച്ചെലവും തുടർചെലവുകളും യന്ത്രം കൈമാറുന്ന സമിതി വഹിക്കണമെന്നാണ് നിർദ്ദേശമെങ്കിലും, സമിതിയ്ക്ക് കൈമാറാത്തതിനാൽ ആയത് സാധ്യമായില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പാടെ അവഗണിച്ചുകൊണ്ട് കൊയ്ത്തു മെതിയന്ത്രത്തിന് ചെലവഴിച്ച 29,81,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖാ ലംഘനത്തിന് വിശദീകരണം ലഭ്യമാക്കുകയും, കൊയ്ത്തു മെതിയന്ത്രം മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന അർഹമായ സമിതിയ്ക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കൈമാറുകയും തുടർപ്രവർത്തനം സംബന്ധിച്ച ലോഗ് ബുക്ക് തുടങ്ങിയ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം, പദ്ധതി പണത്തിന്റെ ദുർവ്യയമായികണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഭീമമായ തുക ചെലവഴിച്ച് വാങ്ങുന്ന കാർഷികോപകരണങ്ങൾ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഉപയോഗശൂന്യമായി നശിച്ചിട്ടുള്ള മുൻകാല അനുഭവത്തിന്റെ വെളിച്ചത്തിൽ തുടർ അന്വേഷണം ശുപാർശ ചെയ്യുന്നു.

ചെലവ് വിവരം –

9,81,000/- – 20040952008701434136 / 12.3.2021

10,00,000/- – 20040952008701433989 / 12.3.2021

10,00,000/- – 20040952008701381020 / 12.3.2021

ഓഡിറ്റ് എൻക്വയറി നം.5/10.9.21

## 1-15 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വെറ്റിനറി സർജൻ 2020-21 വർഷം നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകളും, വൗച്ചറുകളും, രജിസ്റ്ററുകളും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം ട്രഷറി ബിൽബുക്ക് പ്രകാരം ചെലവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | തുക (രൂ) |
|---|---|
| 1/22.4.20 | 101750/- |
| 5/21.5.20 | 108955/- |
| 8/27.1.21 | 27200/- |
| 9/27.1.21 | 25000/- |
| 10/15.3.21 | 30525/- |
| 10/15.3.21 | 87450/- |
| ആകെ | 380880/- |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | ചെലവ് വിവരം |
|---|---|
| പോത്ത്കുട്ടി വളർത്തൽ (239/21) SO | 27200/- (വികസന ഫണ്ട്) |
| മുട്ടക്കോഴി വളർത്തൽ (191/21) SO | 298155/- (വികസന ഫണ്ട്)<br>87450/- (ഗുണ.വിഹിതം) |
| മുട്ടക്കോഴി വളർത്തൽ (75/21) | 30525/- (വികസന ഫണ്ട്)<br>10175/- (ഗുണ.വിഹിതം) |
| പശു വളർത്തൽ വനിത (240/21) | 25000/- (വികസന ഫണ്ട്) |

ഫയലുകൾ ഹാജരാക്കാനായി ഓഡിറ്റ് റിക്വിസിഷൻ നം.1/1.9.21, ഓഡിറ്റ് എൻക്വയറി നം.12/10.9.21 പ്രകാരം ആവശ്യപ്പെട്ടിട്ടും ഫയലുകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവഹണ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തൻ വർഷം ചെലവ് ചെയ്ത 3,80,880/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 മത്സ്യകൃഷി - പദ്ധതി നടത്തിപ്പ് - നടപടിക്രമങ്ങളിൽ വ്യക്തതയില്ല.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം നടത്തിയ പദ്ധതികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് അവലംബിക്കുന്ന നടപടിക്രമങ്ങളിൽ വ്യക്തതയില്ല.

| നിർവഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | |
|---|---|---|
| പദ്ധതി, നം. | മത്സ്യസുഭിക്ഷത – വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യ കൃഷി(283/21) | മത്സ്യസുഭിക്ഷത – ബയോഫ്ലോക്ക് മത്സ്യ കൃഷി(284/21) |
| അടങ്കൽ തുക | 98400/- (സംസ്ഥാന വിഹിതം)<br>50000/- (തനത് ഫണ്ട്)<br>146800/- (ജില്ലാ പഞ്ചായത്ത്)<br>442800/- (മറ്റുള്ളവ) | 73600/- (സംസ്ഥാന വിഹിതം)<br>73000/- (തനത് ഫണ്ട്)<br>74200/- (ജില്ലാ പഞ്ചായത്ത്)<br>33200/- (മറ്റുള്ളവ) |
| ചെലവ് തുക | 41650/- (026788/31.3.21) | 73000/-(026788/31.3.21) |

പദ്ധതി നടത്തിപ്പ് സംബന്ധമായി ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

29.5.2020 ലെ സ.ഉ(സാധാ)നം.1009/2020 ത.സ്വ.ഭ.വ സുഭിക്ഷകേരളം സബ്സിഡിമാർഗ്ഗരേഖകൾ പ്രകാരം പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിക്കാവുന്നതും സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പും നിർവഹിക്കേണ്ടതാണ്. എന്നാൽ ഫിഷറീസ് വകുപ്പിന്റെ വിഹിതം പദ്ധതിയിൽ വകയിരുത്തുകയോ പഞ്ചായത്തിൽ ലഭ്യമാക്കുകയോ ചെയ്തില്ല. ഈ മാനദണ്ഡങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായി പരമാവധി നൽകാൻ കഴിയുന്ന തുക കണക്കാക്കാതെ ഗുണഭോക്താവ് ലഭ്യമാക്കിയ വൗച്ചറുകളുടെ ആകെ തുകയുടെ 40% തുക സബ്സിഡി നൽകി. ഫലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിഹിതം മാത്രം വിനിയോഗിച്ച് പദ്ധതി നടപ്പിൽ വരുത്തിയതായാണ് രേഖകൾ വ്യക്തമാക്കുന്നത്.

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.18/15.9.2021) മറുപടിയായി, സബ്സിഡി തുകയിൽ ഫിഷറീസ് വകുപ്പിന്റെ വിഹിതം മത്സ്യത്തീറ്റ വാങ്ങിനൽകിയതിലൂടെ ചെലവഴിച്ചിട്ടുണ്ട് എന്ന മറുപടിയാണ് പദ്ധതി നിർവ്വഹണാധികാരി ലഭ്യമാക്കിയിട്ടുള്ളത്.

സംയോജിത പദ്ധതിയായിട്ടുകൂടി ഫിഷറീസ് വകുപ്പിന്റെ വിഹിതം അംഗീകൃത പദ്ധതിയിൽ ഉൾക്കൊള്ളിക്കാതെയും, തീറ്റ വിതരണത്തിന്റെ ചെലവ് വിശദാംശങ്ങൾ സൂക്ഷിക്കാതെയും, കർഷകർ ലഭ്യമാക്കിയ വൗച്ചറുകളുടെ ആകെ തുകയുടെ 40% സബ്സിഡിതുകയും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകിയ നടപടി പദ്ധതി നടത്തിപ്പിന്റെ സുതാര്യത ഇല്ലാതാക്കുന്നതാണ്. നടപടിക്രമങ്ങൾ കൃത്യമായിപ്പാലിച്ച്, സുതാര്യത ഉറപ്പുവരുത്തിമാത്രം പദ്ധതികൾ നടപ്പിൽ വരുത്താൻ മേലിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ രണ്ട് പദ്ധതികളിലും കൂടി ഫിഷറീസ് വകുപ്പിന്റെ വിഹിതമായ ആകെ ചെലവിന്റെ 1/3 ഭാഗം, 38216/- രൂപ (13883 + 24333) ഫിഷറീസ് വകുപ്പിൽ നിന്നും ഈടാക്കി ഒടുക്കവരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-17 പശ്ചിമഘട്ട വികസന പദ്ധതി- ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

പശ്ചിമഘട്ട വികസന പദ്ധതിക്കായി കൃഷി ഓഫീസറുടെയും പഞ്ചായത്ത് പ്രസിഡന്റിന്റേയും പേരിൽ ആരംഭിച്ചിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ ( SBI ഓടനാവട്ടം, അക്കൌണ്ട് നം.6717302279 ) 25-12-2020 തീയതിയിൽ 1,42,835/-രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ പദ്ധതി നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്യണം എന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരിക്കെ അക്കൗണ്ട് ക്ലോസ് ചെയ്യാതിരുന്നതിന്റെ കാരണം അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് കൊല്ലം ജില്ലാ കളക്ടറേറ്റിൽ നിന്ന് പലിശ ഉൾപ്പെടെ തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചാലുടൻ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്ത് സർക്കാർ നിർദ്ദേശാനുസരണം ഉള്ള ഹെഡിലേക്ക് തുക തിരികെ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-18 ഡീസൽ ജനറേറ്റർ പർച്ചെയ്സ് ചെയ്തതിലെ അപാകത

നിർവഹണോദ്യോഗസ്ഥ - മെഡിക്കൽഓഫീസർ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

അടങ്കൽ തുക – 324500/- രൂപ

ചെലവ് – 300000/- രൂപ ( ബിൽ നമ്പരുകൾ : 1/20. തീയതി. 22.04.20, 289000/- രൂപ, 13/20. തീയതി. 9.12.20, 11000/- രൂപ (289000 + 11000 = 300000)

ചലാൻ (DDOകോഡ് ) - 03159B 125

ഹെഡ് ഓഫ് അക്കൗണ്ട് - 8443-00-108-PW Deposit

വെളിയം പി.എച്ച്.സി-യിലേയ്ക്ക് ഡീസൽ ജനറേറ്റർ പർച്ചെയ്സ് ചെയ്തിട്ടുണ്ട്. അതിലേയ്ക്കായി പി.ഡബ്ല്യൂ.ഡി സമർപ്പിച്ച എസ്റ്റിമേറ്റിനെ ആധാരമാക്കി 289000/- രൂപ പി.ഡബ്ല്യൂ.ഡിയിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. കൂടാതെ സെന്റേജ് ചാർജ് ആയി 35500/-രൂപയും ഒടുക്ക വരുത്തിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെന്റേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്നും 25-07-2017ലെ ജി.ഒ(പി) നം.95/2017 ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ സെന്റേജ് ചാർജ് ആയി എസ്റ്റിമേറ്റ് തുകയുടെ 12.25% നൽകിയിരിക്കുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | എസ്റ്റിമേറ്റ് തുക (സെന്റേജ്ചാർജ് ഉൾപ്പെടെ) | സെന്റേജ്ചാർജ് നിരക്കിൽ ഒടുക്കിയത് (രൂപ) | ചലാൻ നം. തീയതി | അധികമായി നൽകിയ സെന്റേജ് ചാർജ് |
|---|---|---|---|---|---|---|
| 1 | പി.എച്ച്.സിയിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ | 300000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 324500/- (289000 (എസ്റ്റിമേറ്റ്) + 35500 (സെന്റേജ്)) | 35500/- | 030159B125/ 05.2.20 | 12380/- ( 35500 – 23120 ) |

ടി പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 12380/-രൂപ നിരാകരിക്കുന്നു. പദ്ധതി അടങ്കൽ തുക 300000/- ആയിരിക്കെ പദ്ധതിക്കായി 324500/-രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി 24500/-രൂപ HMC ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നു. അധികമായി ചെലവഴിച്ച 24500/-രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രവൃത്തി പൂർത്തീകരണരേഖകൾ ഹാജരാക്കാത്തതിനാൽ നിക്ഷേപത്തുകയിൽ നിരാകരണ തുക (12380/-രൂപ) കഴിച്ചുള്ള 3,12,120/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രവൃത്തിപൂർത്തീകരണത്തേയും ഒരോ പ്രവൃത്തിയുടെയും ആകെ പ്രവൃത്തിമൂല്യത്തെ ആധാരമാക്കി പി.ഡബ്ല്യു.ഡിക്ക് നല്കേണ്ട തുക കണക്കാക്കി സെന്റേജ് ചാർജ് പുനർനിർണയിച്ച ശേഷം നിക്ഷേപത്തുക ശേഷിക്കുന്നുവെങ്കിൽ ആയത് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തിയതിനെയും സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം. – 17/15.03.21
നിരാകരിച്ച തുക – 12380/-രൂപ
തടസ്സപ്പെടുത്തിയ തുക - 3,12,120/- രൂപ

1-19 പാലിന് സബ്സിഡി - രേഖകളുടെ ആഭാവത്തിൽ 416792/- രൂപയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 31/2021

പ്രോജക്ട് നം. - 194/2021 സ്പിൽ ഓവർ

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ
അടങ്കൽ തുക – 786146/- ( (വികസന ഫണ്ട്) 200000 + (ബ്ലോക്ക്) 103414 + (ജില്ല) 482732 )
ചെലവ് – 478430/-

ചെലവ് വിശദാംശങ്ങൾ

| പ്രോജക്ട് നം. 194/2021 സ്പിൽ ഓവർ | | | | പ്രോജക്ട് നം. 31/2021 | | | |
|---|---|---|---|---|---|---|---|
| ക്രമ നം | ബിൽ നം /ചെക്ക് നം | തീയതി | തുക (രൂപ) | ക്രമ നം | ബിൽ നം /ചെക്ക് നം | തീയതി | തുക (രൂപ) |
| 1 | 1 | 19.05.2020 | 100516/- | 1 | 3 | 6.10.2020 | 36356/- |
| 2 | 2 | 19.05.2020 | 82732/- | 2 | 4 | 6.10.2020 | 28830/- |
| | | | | 3 | 5 | 6.10.2020 | 43005/- |
| | | | | 4 | 6 | 3.11.2020 | 15051/- |
| | | | | 5 | 7 | 3.11.2020 | 24588/- |
| | | | | 6 | 8 | 13.01.2021 | 21999/- |
| | | | | 7 | 9 | 13.01.2021 | 30171/- |
| | | | | 8 | 10 | 27.03.2021 | 95182/- |
| | ആകെ | | 183248/- | | | | 295182/- |

ആകെ – 478430/-

ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ്, ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവയുടെ അടിസ്ഥാനത്തിനലാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനവദിക്കേണ്ടത്. താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ആധാരമാക്കിയ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകളിൽ പ്രസ്തുത ബില്ലുകൾക്കൊപ്പം ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | ഹാജരാക്കാത്ത രേഖ | ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത ചെലവ് തുക (രൂപ) |
|---|---|---|---|
| 1 | 1/19.05.2020 | 18 പേർക്ക് 100516/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 100516/- |
| 2 | 2/19.05.2020 | 24 പേർക്ക് 82732/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 82732/- |
| 3 | 3/6.10.2020 | 29 പേർക്ക് 36356/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 36356/- |
| 4 | 4/06.10.2020 | 21 പേർക്ക് 28830/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 28830/- |
| 5 | 5/06.10.2020 | 34 പേർക്ക് 43005/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 43005/- |
| 6 | 9/13.01.2021 | 24 പേർക്ക് 30171/- രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 30171/- |

| | | | |
|---|---|---|---|
| 7 | 10/27.03.2021 | 70 പേർക്ക് 95182/-രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 95182/- |
| | ആകെ | | 416792/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/07.09.2021, 15/15.09.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 416792/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -150000/-രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖ ഹാജരാക്കണം

പ്രോജക്ട് നം. – 05/20-21
അടങ്കൽ തുക - 200000/- (മെയിന്റനൻസ് - നോൺറോഡ്)
നിർവ്വഹണ അധികാരി: സെക്രട്ടറി.
ചെലവ് – 199000/- (Bill Nos.29/27.8.2020:49000/-രൂപ, 56/15.01.2021:150000/-രൂപ )

മേൽ തുകകളിൽ 49000/- രൂപായുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/14.09.2021-ന് മറുപടിയായി 150000/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലായെന്ന് ഹോമിയോപ്പതി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ സെക്രട്ടറി മുഖാന്തരം മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-21 കുടുംബാരോഗ്യ കേന്ദ്രം സബ് സെന്ററുകൾക്കും, അംഗനവാടികൾക്കും കുഴൽ കിണർ നിർമ്മാണം: ഭൂഗർഭജല വകുപ്പിന് ഒടുക്കു വരുത്തിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ – 277/21
നിർവ്വഹണ അധികാരി - സെക്രട്ടറി.
അടങ്കൽ തുക - 3088166/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് : 1140150/-(ബിൽ നമ്പർ 66/24.02.2021:11610/-രൂപ,
ബിൽ നമ്പർ 77/30.03.2021:1128540/-രൂപ)

സബ് സെന്റർ പടിഞ്ഞാറ്റിൻകര, വെളിയം പഞ്ചായത്ത് ഓഫീസ് കോംപൗണ്ട്, സർക്കാർ മൃഗാശുപത്രി കലയ്ക്കോട്, മാലയിൽ മലപ്പുത്തൂർ അംഗനവാടി, ചെപ്ര പുള്ളാടിമുക്ക് അംഗനവാടി, പുല്ലാത്തിക്കാട് അംഗനവാടി എന്നിങ്ങനെ ആറ് കേന്ദ്രങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലാ ഭൂഗർഭ ജലവകുപ്പ് ഓഫീസറുടെ 26.3.21 ലെ ജി കെ ടി 402/21 നമ്പർ കത്ത് പ്രകാരം 1140150/- രൂപ ഭൂഗർഭ ജലവകുപ്പിന് ഒടുക്കു വരുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/14.9.2021) മറുപടിയായി, പദ്ധതി പൂർത്തിയാകാത്തതിനാൽ സ്പിൽഓവർ ആയി തുടരുന്നുവെന്നും, പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ 1140150/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ലഭ്യമാക്കാനായി നിർണയിച്ച ഭൂമി സംബന്ധിച്ച വ്യക്തതയില്ലാതെ നിർമാണപ്രവർത്തനങ്ങൾ നടത്തി-

കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ ബ്ലോക്ക് നം.330/4-ൽപെട്ട 60.70 ആർസ് സർക്കാർ തരിശുഭൂമി ലൈഫ് മിഷൻ പദ്ധതിപ്രകാരമുള്ള കെട്ടിടനിർമാണത്തിനുള്ള മെറ്റീരിയൽസ് യൂണിറ്റ് തുടങ്ങുന്ന ആവശ്യത്തിലേയ്ക്ക് വെളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ലീസ് വ്യവസ്ഥയിലനുവദിയ്ക്കുന്നതിന്റെ മുന്നോടിയായി ഉടമസ്ഥതയും നിയന്ത്രണവും പൂർണമായും സർക്കാരിൽ നിലനിർത്തുമെന്നും ഏത് അടിയന്തിര സാഹചര്യത്തിലും റവന്യുവകുപ്പ് ആവശ്യപ്പെടുന്ന പക്ഷം സ്ഥലം നിരുപാധികം ഒഴിഞ്ഞുനൽകണമെന്നും യാതൊരു നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിയ്ക്കുന്നതല്ലായെന്നുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ ഉപയോഗാനുമതി നൽകി ബഹു.കൊല്ലം ജില്ലാ കളക്ടറുടെ 27.10.18ലെ 102451/18/എൽ2 നം.നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ ലീസിന് നൽകുന്നതിനായി നിശ്ചയിക്കപ്പെട്ട സ്ഥലത്തിന്റെ യഥാർത്ഥ സർവ്വേ നം. 336/4 ആണെന്നും 330/4 എന്നുള്ളത് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും കൊട്ടാരക്കര താലൂക്ക് തഹസീൽദാറുടെ 05.11.18-ലെ സി2-20423/2018 നമ്പർ കത്തിൽ നിന്നും വ്യക്തമാവുന്നു.

സർവേ നം. 336/4 ൽപെട്ട ഭൂമിയിൽ നിയമവിരുദ്ധമായ ഇടപാടുകൾ നടന്നിട്ടുള്ളതിനാൽ പ്രസ്തുത ഭൂമിയിൽ മെറ്റീരിയൽസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള അനുമതി നൽകുവാൻ കഴിയില്ലായെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് എൻവയൺമെന്റൽ എഞ്ചിനീയർ 27.04.19-ലെ പി സി ബി/കെ ഒ/എൻ ഒ സി/18-19 നം.കത്ത് പ്രകാരം വിജിലൻസിൽ നിന്നുള്ള അനുബന്ധരേഖകൾ സഹിതം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു.

ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതും രേഖകൾ പ്രകാരം അനുവദിയ്ക്കപ്പെട്ടതും സർവേ നം.330/4 ൽപെട്ട ഭൂമിയാണെങ്കിലും ലഭ്യമായത് സർവേ നം. 336/4 ൽപെട്ട ഭൂമിയാണെന്നും പ്രസ്തുത ഭൂമി വിജിലൻസ് വകുപ്പിന്റെ അന്വേഷണപരിധിയിലാണെന്നും വ്യക്തമായിരിയ്ക്കെ ഉപയോഗാനുമതി ലഭിച്ചെങ്കിലും നാളിതുവരെ പാട്ടത്തിന് കൈമാറിയിട്ടില്ലാത്ത ഭൂമിയിൽ ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ എന്ന പ്രോജക്റ്റ് പ്രകാരം ഓഫീസ് നവീകരണം, ടോയിലറ്റ് നിർമാണം, വാട്ടർടാങ്ക് സ്ഥാപിയ്ക്കൽ എന്നീ പ്രവൃത്തികൾക്കായി തൻവർഷം അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 391918/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ബഹു.കൊല്ലം ജില്ലാകളക്ടറിൽനിന്ന് മുൻകൂർ ഉപയോഗാനുമതി ലഭ്യമായതിനെത്തുടർന്ന് മെറ്റീരിയൽസ് യൂണിറ്റ് ആരംഭിച്ചുവെന്നും ഭൂമി സംബന്ധമായ സ്പഷ്ടീകരണം ആവശ്യപ്പെട്ട് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും ഏതെങ്കിലും കാരണവശാൽ നിർദ്ദിഷ്ട ഭൂമി തിരികെ നൽകേണ്ടിവന്നാൽ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ വിട്ടുകിട്ടിയിരിയ്ക്കുന്ന ഭൂമിയുടെ റവന്യൂരേഖകൾ സംബന്ധമായ അവ്യക്തതകൾ നിലനിൽക്കുന്നതിനാലും പ്രസ്തുത ഭൂമി വിജിലൻസ് നടപടികൾക്ക് വിധേയമാണെന്ന് വ്യക്തമാകുന്നതിനാലും റവന്യൂവകുപ്പിന് നിരുപാധികം തിരിച്ചെടുക്കാമെന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി നൽകിയ മുൻകൂർ ഉപയോഗാനുമതിയെ ആധാരമാക്കി പ്രവർത്തിയ്ക്കുന്ന മെറ്റീരിയൽസ് യൂണിറ്റിനുവേണ്ടി നവീകരണ, നിർമാണപ്രവർത്തനങ്ങൾ നടത്തിയത് ആശാസ്യമല്ല.

ലഭ്യമായ ഭൂമിയുടെ റവന്യൂരേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിനും പ്രസ്തുത ഭൂമി ലീസിന് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/15.09.21

1-23 ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ - അളവ് കണക്കാക്കിയതിലെ

പിഴവുകൾ മൂലം അധികമായി തുക നൽകി.

പ്രോജക്റ്റ് നം. – 66/21
പ്രവൃത്തിയുടെ പേര് : ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ
അടങ്കൽ തുക : 4,00,000/- രൂപ

ഫണ്ടിനം : വികസനഫണ്ട് (ജനറൽ)
കരാർ നം. : 43/AE/LSGD/VLM/20-21 DTD.10.07.20
കരാറുകാരൻ : സാജൻ ഡാനിയേൽ

എം.ബുക്ക്നം : 06(A)19-20
ചെലവ് : 391918/-രൂപ
ബിൽ നം. : 48/1.10.20

ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ എന്ന പ്രവൃത്തിയുടെ App.2.Toilet Construction ൽ ഇനം നം.4 ആയി ഉൾപ്പെടുത്തിയിരിക്കുന്ന Solid Block Masonary Using Pre Cast Solid Blocks (50.6.1.4) എന്ന പ്രവൃത്തിയിൽ സെപ്റ്റിക് ടാങ്ക് നിർമാണത്തിന്റെ അളവ് ചുവടെ ചേർക്കും വിധമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(2x3.14x.8) X .20 X 1.90 = 1.909 $M^3$

പ്രസ്തുത പ്രവൃത്തിയുടെ അളവ് 2x3.14x(.8+.6)/2x.20x1.90 എന്നോ 3.14x(.8x.8-.6x.6)x1.90 എന്നോ രേഖപ്പെടുത്തി 1.670 $M^3$ എന്ന് കണക്കാക്കുന്നതിന് പകരമാണ് ഇപ്രകാരം തെറ്റായി അളവ് രേഖപ്പെടുത്തിയിരിക്കുന്നത്.

App.3.Water Tank & Plumbing ഇനത്തിൽ വാട്ടർ ടാങ്കിനുള്ള ഫൗണ്ടേഷൻ നിർമിക്കുന്നതിനായി നിർവഹിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം. | കോഡ്/പ്രവൃത്തി വിവരണം | നിർവഹിച്ച അളവ് |
|---|---|---|
| 1 | 2.8.1. Earth Work Excavation For Foundation | 4x.85.x.85x1.80= 5.202 $M^3$ |
| 2 | 4.1.8.providing & Laying Position C.c.1:4:8 Base Course Foundation | 4x.85.x.85x.10= .289 $M^3$ |
| | C.C.at Top Surface Of Foundation | 3x3.2x.10= .96 $M^3$ |
| 3 | 4.1.3. Providing & Laying Position C.C.1:2:4 Foundation For Water Tank | 4x.85.x.85x1.80= 5.202 $M^3$ |

ഇനം നം.3 പ്രകാരം നിർമിച്ച വാട്ടർടാങ്കിന്റെ ഫൗണ്ടേഷനുകളിലെ നാലു തൂണുകൾ ഉപരിതലത്തിൽനിന്നും 0.10 മീറ്റർ ഉയർന്നുനിൽക്കുന്നുവെന്ന് അളവുപുസ്തകത്തിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമാവുന്നു. (4x.85.x.85x.10= 0.289 $M^3$)

ആയതിനാൽ ഇനം നം.2 പ്രകാരമുള്ള C.c.at Top Surface Of Foundation എന്ന 3x3.2x.10 = 0.96 $M^3$ അളവിലുള്ള പ്രവൃത്തിയിൽനിന്നും തൂണുകളുടെ കോൺക്രീറ്റായ 0.289 $M^3$ കുറവ് ചെയ്യണമായിരുന്നു. എന്നാൽ അപ്രകാരം കുറവ് ചെയ്തിട്ടില്ല.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അളവുകൾ കണക്കാക്കുന്നതിൽ മനപ്പൂർവ്വമല്ലാത്ത പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികൾക്ക് അധികമായി നൽകിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കണക്കാക്കിയ | കണക്കാക്കാവുന്ന | നിരക്ക് | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|---|---|

| വിവരണം | അളവ് | അളവ് | | തുക (രൂപ) | തുക (രൂപ) | നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| Solid Block Masonary Using Pre Cast Solid Blocks | (2x3.14x.8) X .20x1.90 = 1.909 $M^3$ | 2x3.14x(.8+.6)/ 2x.20x1.90 = 1.670 $M^3$ | 5268.6/$m^3$ | 10057.75/- | 8798.56/- | 1259/- |
| C.c.at Top Surface Of Foundation | 3x3.2x.10 = .96 $M^3$ | (3x3.2x.10=.96 $M^3$ )-(4x.85.x.85x.10 = .289 $M^3$) = .671 $M^3$ | 6352.26/$m^3$ | 6098.16/- | 4262.36/- | 1836/- |

അധികമായി നൽകിയ 3095/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.14/20-21/14.09.21

നിരാകരിച്ച തുക- 3095/-രൂപ.

1-24 മുട്ടറ മരുതിമല എക്കോ ടൂറിസം പദ്ധതി ഫലപ്രാപ്തി കൈവരിച്ചിട്ടില്ല

വെളിയം ഗ്രാമ പഞ്ചായത്തിലെ മരുതിമലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കിയും, ടൂറിസം സാദ്ധ്യതകൾ മുന്നിൽകണ്ടും വെളിയം ഗ്രാമ പഞ്ചായത്ത് ഭരണസമിതി മരുതിമല ഭൂപ്രദേശം എക്കോ ടൂറിസം പദ്ധതിക്കായി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനായി സർക്കാരിനോടപേക്ഷിക്കാൻ 16.4.2007 ലെ Iii (5) നമ്പർ ആയി തീരുമാനം കൈക്കൊള്ളുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 11.7 2007 അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഈ അപേക്ഷ പരിഗണിച്ച് സർക്കാർ ഉത്തരവ് നം.(എം എസ്) 95/2009/റവന്യൂ /18.2.2009 പ്രകാരം 15.5891 ഹെക്ടർ (38.52 ഏക്കർ) മരുതിമല ഉൾപ്പെടുന്ന ഭൂപ്രദേശം ഏക്കർ ഒന്നിന് 1000/- രൂപ പാട്ടം നിരക്കിൽ 20 വർഷത്തേക്ക് പഞ്ചായത്തിന് പാട്ടവ്യവസ്ഥയിൽ വിട്ടുനൽകി. 2009 വർഷം മുതൽ ശരാശരി 38520/- രൂപ നിരക്കിൽ പാട്ടത്തുക പഞ്ചായത്ത് ഒടുക്കിവരുന്നു. കൊട്ടാരക്കര തഹസീൽദാരുടെ C2/ 24540/2008 തീയതി 25.10.19 നമ്പർ കത്ത് പ്രകാരം 18-19, 19-20 വർഷങ്ങളിലെ പാട്ടത്തുക 77010/- രൂപ 30.10.19 ലെ KL 02041103858/2019 നമ്പർ രസീത് പ്രകാരം ഓടനാവട്ടം വില്ലേജിൽ ഒടുക്കവരുത്തിയിട്ടുള്ളതായും കാണുന്നു. പാട്ട ഇനത്തിലുള്ള ചെലവ് കൂടാതെ ഭൂമി വിട്ടു കിട്ടിയ വർഷം മുതൽ തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തിയും, അല്ലാതെയും വിവിധ നിർമ്മാണ പ്രവർത്തികളും നടത്തിവരുന്നുണ്ട്. കെട്ടിടങ്ങളും വിവിധ വിശ്രമകേന്ദ്രങ്ങളും ഇത്തരത്തിൽ നിർമ്മിച്ചിട്ടുണ്ട്. സ്റ്റെപ്പ് നിർമ്മാണം (762413/-രൂപ) സി സി ടി വി സ്ഥാപിക്കൽ (96128/-രൂപ) വസ്തുവിന്റെ അതിർത്തി തിട്ടപ്പെടുത്തൽ (53212/-രൂപ) എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി 20-21 വർഷത്തിലും തുക ചെലവഴിച്ചുകാണുന്നു. 18.2.2009 ൽ പാട്ടവ്യവസ്ഥയിൽ ലഭ്യമായിട്ടും നാളിതുവരെ യാതൊരുവിധ വരുമാനവും പ്രസ്തുത പദ്ധതിയിൽ നിന്നും പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഭൂമി ലഭ്യമായി 13 വർഷങ്ങൾ പൂർത്തിയായിട്ടും കൃത്യമായ പ്രവർത്തനരീതി ചിട്ടപ്പെടുത്താൻ കഴിയാതിരിക്കുന്നത് കാലാകാലങ്ങളിലെ ഭരണസമിതികളുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൃത്യമായ ആസൂത്രണത്തിലൂടെയും, ചിട്ടയായ നടപടിക്രമങ്ങളിലൂടെയും മരുതിമല ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനും അതുവഴി ഇത് പഞ്ചായത്തിന്റെ ഒരു വരുമാന സ്രോതസ്സ് ആക്കി മാറ്റി പദ്ധതി ലക്ഷ്യം പൂർണ്ണമാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഇനിയും വൈകാതെ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

വെളിയം ജംഗ്ഷനിൽ സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് 19.02.2021-ൽ നടത്തിയ ലേലത്തിൽ ശ്രീ. നവാസ്, നവാസ് മൻസ്സിൽ, മുട്ടയ്ക്കാവ് 430000/-രൂപയ്ക്ക് ലേലം ഉറപ്പിച്ചുനൽകി. പഞ്ചായത്തിന്റെ ലേല വ്യവസ്ഥയിലെ ക്രമനമ്പർ 4 പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ മുഴുവൻ ലേലതുകയും അപ്പോൾതന്നെ ഒടുക്കേണ്ടതാണ് . എന്നാൽ 19.02.2021 ൽ രസീത് നമ്പർ 120010103895 പ്രകാരം 291000/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളു. അവശേഷിച്ച ലേലതുകയായ 1,39,000/- രൂപ അടവാക്കിയിട്ടില്ല. മേൽ കുടിശ്ശിക തുക 2020-21 സാമ്പത്തിക വർഷത്തിലെ വാർഷികധനകാര്യ പത്രികയിലെ കുടിശ്ശിക ഡിമാൻഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ലേലവ്യവസ്ഥ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 35000/-രൂപ നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതിനാൽ തുക പഞ്ചായത്തിന്റെ വരവ് നഷ്ടമായി കണക്കാക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാൻ 10.09.2021 ൽ 121010101148 നമ്പർ രസീത് പ്രകാരം 104000/- രൂപ അടച്ചിട്ടുള്ളതും ബാലൻസ് തുകയായ 35000/- രൂപ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഡിമാൻഡിലുൾപ്പെടാത്ത ലേലകുടിശ്ശികത്തുക 35000/-രൂപ വരവ് നഷ്ടമായി കണക്കാക്കി ലേലത്തുക യഥാസമയം പിരിച്ചെടുക്കാത്ത ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 8 /13.09.2021

വരവ് നഷ്ടം – 3 5000/- രൂപ

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡീസൽ ജനറേറ്റർ വാങ്ങിയതിലെ അപാകത

നിർവഹണോദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

അടങ്കൽ തുക – 324500/- രൂപ

ചെലവ് - 300000/- രൂപ

ചലാൻ (DDOകോഡ് ) - 03159B 125

ഹെഡ് ഓഫ് അക്കൗണ്ട് - 8443-00-108-PW Deposit

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി വെളിയം പി.എച്ച്.സിയിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി സമർപ്പിച്ച എസ്റ്റിമേറ്റിനെ ആധാരമാക്കി 289000/- രൂപ പി.ഡബ്ല്യു.ഡിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. കൂടാതെ സെന്റേജ് ചാർജ് ആയി 35500/-രൂപയും ഒടുക്കു വരുത്തിയിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെന്റേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്നും 25-07-2017ലെ ജി.ഒ(പി) നം.95/2017 ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ സെന്റേജ് ചാർജ് ആയി എസ്റ്റിമേറ്റ് തുകയുടെ 12.25% നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | എസ്റ്റിമേറ്റ് തുക (രൂപ) | സെന്റേജ് ചാർജ് | ചലാൻ നം. തീയതി | അധികമായി നൽകിയ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | (സെന്റേജ് ചാർജ് ഉൾപ്പെടെ) | 12.25% നിരക്കിൽ (രൂപ) | | സെന്റേജ് ചാർജ് 4.25% |
| 1 | പി.എച്ച്.സിയിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ | 300000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 324500/- (289000+ 35500) | 35500/- | 030159B125/ 05.2.20 | 12380/- |

ടി പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 12380/-രൂപ നിരാകരിക്കുന്നു. പദ്ധതി അടങ്കൽ തുക 300000/- ആയിരിക്കെ പദ്ധതിക്കായി 324500/-രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച 24500/-രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രവൃത്തിപൂർത്തീകരണരേഖകൾ ഹാജരാക്കാത്തതിനാൽ നിക്ഷേപത്തുകയിൽ നിരാകരണ തുക (12380/-രൂപ) കഴിച്ചുള്ള 3,12,120/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണത്തേയും ഓരോ പ്രവൃത്തിയുടെയും ആകെ പ്രവൃത്തിമൂല്യത്തെ ആധാരമാക്കി പി.ഡബ്ല്യു.ഡിക്ക് നല്കേണ്ട തുക കണക്കാക്കി സെന്റേജ് ചാർജ് പുനർനിർണയിച്ച ശേഷം നിക്ഷേപത്തുക ശേഷിക്കുന്നുവെങ്കിൽ ആയത് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തിയതിനെയും സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 17/15.03.21
നിരാകരിച്ച തുക – 12380/-രൂപ

3-2 ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ - അളവ് കണക്കാക്കിയതിലെ പിഴവുകൾ മൂലം അധികമായി തുക നൽകി.

പ്രോജക്റ്റ് നം. – 66/21
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തിയുടെ പേര് : ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ

ഫണ്ടിനം : വികസനഫണ്ട്(ജനറൽ)
കരാർനം. : 43/AE/LSGD/VLM/20-21DTD.10.07.20
കരാറുകാരൻ : സാജൻ ഡാനിയേൽ

എം.ബുക്ക്നം : 06(A)19-20
ചെലവ് : 391918/-രൂപ
ബിൽ നം. : 48/1.10.20

ഹോളോബ്രിക്സ് യൂണിറ്റ് അനുബന്ധസൗകര്യമൊരുക്കൽ എന്ന പ്രവൃത്തിയുടെ App.2.Toilet Construction ൽ ഇനം നം.4 ആയി ഉൾപ്പെടുത്തിയിരിയ്ക്കുന്ന Solid Block Masonary Using Pre Cast Solid Blocks (50.6.1.4) എന്ന പ്രവൃത്തിയിൽ സെപ്റ്റിക് ടാങ്ക് നിർമാണത്തിന്റെ അളവ് ചുവടെ ചേർക്കും വിധമാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്.

(2x3.14x.8) X .20 X 1.90 = 1.909 $M^3$

പ്രസ്തുത പ്രവൃത്തിയുടെ അളവ് 2x3.14x(.8+.6)/2x.20x1.90 എന്നോ 3.14x(.8x.8-.6x.6)x1.90 എന്നോ രേഖപ്പെടുത്തി 1.670 $M^3$ എന്ന് കണക്കാക്കുന്നതിന് പകരമാണ് ഇപ്രകാരം തെറ്റായി അളവ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്.

App.3. Water Tank & Plumbing ഇനത്തിൽ വാട്ടർ ടാങ്കിനുള്ള ഫൗണ്ടേഷൻ നിർമിയ്ക്കുന്നതിനായി

നിർവഹിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം. | കോഡ്/പ്രവൃത്തി വിവരണം | നിർവഹിച്ച അളവ് |
|---|---|---|
| 1 | 2.8.1.earth Work Excavation For Foundation | 4x.85.x.85x1.80= 5.202 $M^3$ |
| 2 | 4.1.8.providing & Laying Position C.c.1:4:8 Base Course Foundation | 4x.85.x.85x.10= .289 $M^3$ |
| | C.C.at Top Surface Of Foundation | 3x3.2x.10= .96 $M^3$ |
| 3 | 4.1.3. Providing & Laying Position C.C.1:2:4 Foundation For Water Tank | 4x.85.x.85x1.80= 5.202 $M^3$ |

ഇനം നം.3 പ്രകാരം നിർമിച്ച Foundation For Water Tank ഉപരിതലത്തിൽനിന്നും .10മീറ്റർ ഉയർന്നുനിൽക്കുന്നുവെന്ന് അളവുപുസ്തകത്തിലെ രേഖപ്പെടുത്തലിൽനിന്നും വ്യക്തമാവുന്നു. (4x.85.x.85x.10= .289 M3)

ആയതിനാൽ ഇനം നം.2 പ്രകാരമുള്ള C.C.at Top Surface Of Foundation എന്ന 3x3.2x.10= 0.96 $M^3$ അളവിലുള്ള പ്രവൃത്തിയിൽനിന്നും 0.289 $M^3$ കുറവ് ചെയ്യണമായിരുന്നു. എന്നാൽ അപ്രകാരം കുറവ് ചെയ്തിട്ടില്ല.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അളവുകൾ കണക്കാക്കുന്നതിൽ മനപ്പൂർവ്വമല്ലാത്ത പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികൾക്ക് അധികമായി നൽകിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിവരണം | കണക്കാക്കിയ അളവ് | കണക്കാക്കാവുന്ന അളവ് | നിരക്ക് | നൽകിയ തുക (രൂപ) | നൽകാവുന്ന തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| Solid Block Masonary Using Pre Cast Solid Blocks | (2x3.14x.8)x .20x1.90 = 1.909 $M^3$ | 2x3.14x(.8+.6)/ 2x.20x1.90 = 1.670 $M^3$ | 5268.6/$m^3$ | 10057.75/- | 8798.56/- | 1259/- |
| C.c.at Top Surface Of Foundation | 3x3.2x.10= .96 $M^3$ | (3x3.2x.10=.96 $M^3$) - (4x.85.x.85x.10= .289 $M^3$)= 0.671 $M^3$ | 6352.26/$m^3$ | 6098.16/- | 4262.36/- | 1836/- |

അധികമായി നൽകിയ 3095/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.14/20-21/14.09.21

നിരാകരിച്ച തുക- 3095/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2020-21 | 06.09.21 & 07.09.21 | കെ.എസ്.എ.കെ.എൽ.എം.പി6/1275/21<br>തീ: 18.01.2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 102254/- | നെൽകൃഷി വികസനം | 102254/- | 0 |
| | | 600000/- | ലൈഫ് പദ്ധതി | 600000/- | 0 |
| | | 190000/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 190000/- | 0 |
| | | 100516/- | പാലിന് സബ്സിഡി | 100516/- | |
| | | 500000/- | അനുപൂരക പോഷകാഹാരം | 500000/- | 0 |
| | | 1000000/- | കൊയ്ത്ത് മെതിയന്ത്രം | 1000000/- | 0 |
| | | 602136/- | സുഭിക്ഷകേരളം | 602136/- | 0 |
| | | 1410000/- | ലൈഫ് തുടർ പ്രവർത്തനം | 1410000/- | |
| | | 600000/- | ലൈഫ് തുടർ പ്രവർത്തനം SCP | 600000/- | |
| | | 400000/- | അങ്കണവാടി കെട്ടിട നിർമ്മാണം | 400000/- | |
| | | 90000/- | ആശ്രയ | 90000/- | |
| | | 444717/- | ലൈഫ് പദ്ധതി (SCP) | 444717/- | 0 |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2020-21 | 1900000/- | ലൈഫ് പദ്ധതി (ജനറൽ) | 1900000/- | 0 |
| | | 400000/- | ലൈഫ് പദ്ധതി (SCP) | 400000/- | 0 |
| | | 200000/- | ആശ്രയ | 200000/- | 0 |
| | | 177914/- | പാലിന് സബ്സിഡി | 177914/- | 0 |
| | | 1000000/- | കൊയ്ത്ത് മെതിയന്ത്രം | 1000000/- | 0 |
| | | 100000/- | അനുപൂരക പോഷകാഹാരം | 100000/- | 0 |
| | | 494800/- | സുഭിക്ഷകേരളം | 494800/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| GWD | കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും | - | 1140150/- | 0 | 1140150/- |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടികൾക്കും കുഴൽകിണർ നിർമ്മാണം | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4360988/- രൂപ വരവുണ്ട്. മുൻബാക്കി 20260188/-രൂപയടക്കം 24621176/- രൂപയിൽ 1662411/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഹഡ്കോ വായ്പ | | 4360988/- | 7056174/- | 1400304/- | 880118/- | 10016858/- |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 111/18/13.8.2018 | - | 21008677/- | 1843059/- | | 19165618/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 (1)(2) | 2002-03 | | മരാമത്ത്പണികൾ - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ല - തുക തിരികെ ഈടാക്കാത്തത്. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| 2015-2016 | 3-1 | 2016-17 | 4.3.2 (Iv) | മരുതിമല എക്കോ ടൂറിസം പദ്ധതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2016-17 | 3-15 | 2017-18 | 1 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച – 15076124 ചെലവഴിക്കപ്പെട്ടിട്ടില്ല | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 35,000/- | | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി |
| 3-1 | | 12,380/- | ശ്രീമതി. ദിവ്യ ശശി<br>മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-2 | | 3095/- | ശ്രീ.അബു സെയ്ദ് ,<br>അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 29,81,000/- | ശ്രീമതി. സ്നേഹ.എസ്.മോഹൻ, അഗ്രിക്കൾച്ചർ ഓഫീസർ |
| 1-15 | 3,80,880/- | ശ്രീ.പ്രസന്ന കുമാർ, വെറ്റിനറി സർജൻ |
| 1-18 | 3,12,120/- | ശ്രീമതി. ദിവ്യ ശശി, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-19 | 4,16,792/- | ശ്രീമതി. ശശികല, ഡയറി ഫാം ഇൻസ്പെക്ടർ |
| 1-21 | 11,40,150/- | ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. ദിവ്യ ശശി, മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ PHC, വെളിയം | ചരുവിളപ്പുത്തൻ വീട് ഇടയ്ക്കിടം പി ഒ എഴുകോൺ |
| ശ്രീമതി. ശശികല ഡയറി ഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്പെക്ടർ, വെളിയം ഗ്രാമപഞ്ചായത്ത് | ശശി നിവാസ്, ഇരുമ്പനങ്ങാട് പി ഒ എഴുകോൺ |
| ശ്രീ.പ്രസന്ന കുമാർ, വെറ്റിനറി സർജൻ | വിരമിച്ച | അശോക മന്ദിരം എഴുകോൺ പി ഒ |
| ശ്രീ.അബു സെയ്ദ് , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | പുളിക്കൽ വീട്, ടി.കെ.എം കോളേജ് പി ഒ പേരൂർ |
| ശ്രീ. സലിൽ എവുജിൻ, സെക്രട്ടറി | സെക്രട്ടറി, വെളിയം ഗ്രാമപഞ്ചായത്ത് | സമാസ് വടക്കുംഭാഗം ഇരവിപുരം പി ഒ |
| ശ്രീമതി. സ്നേഹ.എസ്.മോഹൻ, അഗ്രിക്കൾച്ചർ ഓഫീസർ | അഗ്രിക്കൾച്ചർ ഓഫീസർ വെളിയം ഗ്രാമപഞ്ചായത്ത് | കസ്തൂരി .റ്റി.ആർ.എ 265/205 തേവള്ളി പി ഒ കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-1997 | കെ.എസ്.എ/കെ.എൽ.എം.പി6/408(1)/18 തീ. 23.2.18 | 1 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം.പി6/408(2)/18 തീ. 23.2.18 | 3 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം.പി6/408(3)/18 തീ. 23.2.18 | 4 |
| 1999-2000 | കെ.എസ്.എ/കെ.എൽ.എം.പി6/408(4)/18 തീ. 23.2.18 | 2 |
| 2000-2001 | കെ.എസ്.എ/കെ.എൽ.എം.പി6/408(5)/18 തീ. 23.2.18 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം.പി6/408(7)/18 തീ. 23.2.18 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം.പി6/408(8)/18 തീ. 23.2.18 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം.പി6/408(9)/18 തീ. 23.2.18 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം.പി6/408(10)/18 തീ. 23.2.18 | 3 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം.പി6/741 (1)/19 തീ. 31.5.19 | 11 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം.പി6/741 (2)/19 തീ. 31.5.19 | 4 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം.പി6/741 (3)/19 തീ. 31.5.19 | 13 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം.പി6/741 (4)/19 തീ. 31.5.19 | 11 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം.പി6/741 (5)/19 തീ. 31.5.19 | 5 |
| 2011-12 | എൽ.എഫ്.ക്യൂപി7.1026/13/22.08.2013 | 15 |
| 2012-13 | എൽ.എഫ്.ക്യൂപി7/870/15/04.07.2015 | 15 |
| 2013-14 | എൽ.എഫ്.ക്യൂപി7/870/04.07.2015 | 16 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-പി7/996/16/08-06-2016 | 16 |
| 2015-16 | കെ.എസ്.എ. കെ.എൽ.എം-പി7/1849/16, 4-2-2017 | 17 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം-പി6/1728/17 തീയതി 24.10.17 | 27 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം-പി6/225/19, 11.4.19 | 9 |
| 2018-19 | കെ.എസ്.എ. കെ.എൽ.എം-പി6/318/2020/20.03.2020 | 14 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്